"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മതം മാറിയ വ്യക്തികൾ ഔദ്യോഗിക രേഖകളിൽ മതം, പേര് എന്നിവയിൽ മാറ്റം വരുത്തുന്നതിന് അപേക്ഷിക്കുക/ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുക എന്നീ ആവശ്യങ്ങൾക്ക് അംഗീകൃത മതസംഘടനകളുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ല എന്ന് വ്യക്തമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (റ്റി) വകുപ്പ്

**സ.ഉ.(കൈ) നം.187/2020/റവ.** തീയതി,തിരുവനന്തപുരം, 23/07/2020

പരാമർശം:- 1 ബഹു.കേരള ഹൈക്കോടതിയുടെ 15.1.2018 തീയതിയിലെ WP(C)16515/2009 നമ്പർ വിധിന്യായം

2 അച്ചടി വകുപ്പ് ഡയറക്ടറുടെ 22.05.2018ലെ 9067/2018/ഡി3 നമ്പർ കത്ത്

<u>ഉത്തരവ്</u>

മത പരിവർത്തനം സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ചില സംഘടനകൾക്ക് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ മതം, പേര് എന്നിവ മാറ്റുന്നത് വ്യക്തിപരമായ സ്വാതന്ത്ര്യമാണെന്നും സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള മത സംഘടനകളുടെ സർട്ടിഫിക്കറ്റ് ആവശ്യപ്പെടാതെ മതം, പേര് എന്നിവ മാറ്റുന്നതിനുള്ള അപേക്ഷ പരിഗണിക്കണമെന്നും സംശയാസ്പദമായി എന്തെങ്കിലും കാണുന്നുവെങ്കിൽ തഹസീൽദാർ മുഖേന അന്വേഷണം നടത്താമെന്നും പരാമർശം (1) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. തുടർന്ന്, പൊതുജനങ്ങൾ മതം മാറ്റുന്നതിനുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി അപേക്ഷ നൽകുമ്പോൾ അവരുടെ പക്കൽ നിന്നും സർക്കാർ അംഗീകൃത മത സംഘടനകളുടെ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുണ്ടോ എന്ന വിഷയത്തിൽ പരാമർശം (2) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇഷ്ടമുള്ള മതം സ്വീകരിക്കുന്നത് മൗലിക അവകാശമായതിനാൽ, മതം മാറിയ വ്യക്തികൾ ഔദ്യോഗിക രേഖകളിൽ മതം, പേര് എന്നിവയിൽ മാറ്റം വരുത്തുന്നതിന് അപേക്ഷിക്കുക/ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുക എന്നീ ആവശ്യങ്ങൾക്ക് അംഗീകൃത മതസംഘടനകളുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ലായെന്നും ഇത്തരം അപേക്ഷകൾ പരിഗണിക്കുമ്പോൾ ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങൾ മത സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാൻ പാടില്ലെന്നും സംശയാസ്പദമായി എന്തെങ്കിലും കാണുന്നുവെങ്കിൽ ബന്ധപ്പെട്ട തഹസീൽദാർ മുഖേന അന്വേഷണം നടത്തണമെന്നും ഉത്തരവാകുന്നു. മേല്പറഞ്ഞ പ്രകാരം അന്വേഷണം നടത്തുവാൻ ബന്ധപ്പെട്ട സ്ഥാപനം ആവശ്യപ്പെടുന്നപക്ഷം അന്വേഷണം നടത്തി റിപ്പോർട്ട് പ്രസ്തുത സ്ഥാപനത്തിന് നൽകേണ്ടതാണെന്ന നിർദ്ദേശം എല്ലാ തഹസീൽദാർമാർക്കും നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, അച്ചടി വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽഓഫീസർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

എല്ലാ തഹസീൽദാർമാർക്കും (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

Scanned with CamScanner

പിന്നോക്ക വിഭാഗ വികസന വകുപ്പ്
ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങൾക്ക് നൽകുന്നതിന്)
വെബ് & ന്യൂ മീഡിയ വിഭാഗം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned with CamScanner